പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4423

17/12/2014-ൽ
മറുപടിയ്ക്ക്

**<u>ഗുരുവായൂർ ദേവസ്വം – കൃഷ്ണനാട്ടം പഠിതാക്കളുടെ സ്കൂൾ വിദ്യാഭ്യാസം</u>**

<u>ചോദ്യം</u>

ശ്രീമതി ഗീതാ ഗോപി

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഗുരുവായൂർ ദേവസ്വം വക കൃഷ്ണനാട്ടം കളരിയിൽ, വേഷം, പാട്ട്, മദ്ദളം, ചുട്ടി തുടങ്ങിയ വിഭാഗങ്ങളിൽ ചേരുന്നതിനുള്ള കുട്ടികളുടെ പ്രായപരിധി എത്രയാണെന്നു വിശദീകരിക്കുമോ; | എ) | കൃഷ്ണനാട്ടം പാട്ട് വിഭാഗത്തിലെ കുട്ടികൾക്ക് 7 മുതൽ 10 വയസ്സുവരെയും മദ്ദളം, ചുട്ടി വിഭാഗം കുട്ടികൾക്ക് 12 മുതൽ 15 വയസ്സു വരെയുമാണ് പ്രായപരിധി. |
| ബി) | കൃഷ്ണനാട്ടം പഠനത്തോടൊപ്പം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് ദേവസ്വം സാഹചര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | ബി) | ഇല്ല |
| സി) | വിദ്യാഭ്യാസാവകാശ നിയമം 2009 പ്രകാരം, കൃഷ്ണനാട്ടം കളരിയിൽ പ്രവേശനം ലഭിക്കുന്ന പഠിതാക്കൾക്ക് സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്നതിന് ദേവസ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്നു വിശദമാക്കുമോ; | സി) & ഡി) | കൃഷ്ണനാട്ടം ട്രെയിനികൾക്ക് ഔപചാരിക വിദ്യാഭ്യാസം കൂടി നടത്തുന്നത് സംബന്ധിച്ച വിഷയം ദേവസ്വത്തിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ ദേവസ്വത്തിന് നിർദ്ദേശം നൽകുന്നുണ്ട്. |
| ഡി) | ഇല്ലെങ്കിൽ ഗുരുവായൂർ ദേവസ്വം വക സ്കൂളുകളുമായി ബന്ധപ്പെടുത്തി പ്രാഥമിക വിദ്യാഭ്യാസം നൽകാനാവശ്യമായ ക്രമീകരണം ഉറപ്പുവരുത്തുമോ? | | |

സെക്ഷൻ ഓഫീസർ